# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 425

## 03.03.2020 ൽ മറുപടി നൽകേണ്ടത്

**സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. രാജു എബ്രഹാം | ഡോ. ടി.എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക എത്ര രൂപയായിരുന്നു; എത്ര മാസത്തെ തുകയാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്; | നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത കുടിശ്ശികയായ 1473.67 കോടി രൂപ 2016 ആഗസ്റ്റ് , 2017 ആഗസ്റ്റ് എന്നീ രണ്ട് ഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കുടിശ്ശിക എത്ര തവണയായാണ് വിതരണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സാമൂഹിക സുരക്ഷാ പെൻഷൻ എത്ര രൂപയായിരുന്നു; ഇപ്പോൾ എത്ര രൂപയാണ്; എത്ര തവണ ഇത് വർദ്ധിപ്പിച്ചു; ഓരോ തവണയും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത്; വിശദമാക്കാമോ; | എല്ലാ പെൻഷനുകളും 100 രൂപ വർദ്ധിപ്പിക്കുമെന്ന് 2020-21 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

<table>
<tr>
<td>(ഡി)</td>
<td>ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരായി ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം ലഭ്യമാക്കാമോ; അങ്ങനെയുള്ളവരെ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?</td>
<td>ഉണ്ട്. നിലവിലെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി<br>1. 06/02/2017-ന് മുൻപ് രണ്ട് പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് ആയത് തുടർന്നും ലഭിക്കുവാൻ അർഹതയുണ്ട്.<br>2. വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ട്.<br>3. വികലാംഗ പെൻഷൻ ഒഴികെയുള്ള മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വികലാംഗരായ ഗുണഭോക്താക്കൾക്ക് വികലാംഗ പെൻഷന് അർഹതയുണ്ട്.<br>ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഇവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യമില്ല.
<table>
<tr><th>പെൻഷൻ തരം</th><th>എണ്ണം</th></tr>
<tr><td>കർഷക തൊഴിലാളി പെൻഷൻ</td><td>4259</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</td><td>9453</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി / മാനസികമായി വെല്ലുവിളി നേരിടുന്നവർ</td><td>6260</td></tr>
<tr><td>50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ</td><td>336</td></tr>
<tr><td>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം</td><td>1996</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം | പെൻഷൻ ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള നിരക്ക് (രൂപ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വർദ്ധിപ്പിച്ച തവണ | ഓരോ തവണയും വർദ്ധിപ്പിച്ച തുക |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 600 | 3 | ആദ്യ തവണ 400 രൂപ പിന്നീട് 100 രൂപ വീതം |
| 2 | വാർദ്ധക്യകാല പെൻഷൻ:<br>1. 75 വയസ്സ വരെയുള്ളവർക്ക് | 600 | 3 | ആദ്യ തവണ 400 രൂപ പിന്നീട് 100 രൂപ വീതം |
| | 2. 75 വയസ്സിനു മുകളിൽ | 1500 | ഇല്ല | ബാധകമല്ല |
| 3 | വികലാംഗ പെൻഷൻ:<br>1. 40% വും അതിനു മുകളിലും 80% ൽ കുറവ് | 800 | 3 | ആദ്യ തവണ 200 രൂപയും പിന്നീട് 100 രൂപ വീതവും |
| | 2. 80% വും അതിനു മുകളിലും | 1100 | 1 | 200 രൂപ |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 800 | 3 | ആദ്യ തവണ 200 രൂപയും പിന്നീട് 100 രൂപ വീതവും |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 800 | 3 | ആദ്യ തവണ 200 രൂപയും പിന്നീട് 100 രൂപ വീതവും |